REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 01-10-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **ജമ്മു കശ്മീർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ മൂന്നാമത്തെയും അവസാനത്തെയും ഘട്ടത്തിൽ വോട്ടെടുപ്പ് അൽപ്പസമയത്തിനകം തുടങ്ങും**
- **അതീവ ഗുരുതരാവസ്ഥയിൽ കഴിയുന്ന രോഗികളുടെ ജീവൻ രക്ഷാ സംവിധാനങ്ങൾ ഒഴിവാക്കുന്നതിന്റെ കരട് മാർഗ്ഗനിർദേശങ്ങൾ കേന്ദ്ര ആരോഗ്യമന്ത്രാലയം പുറത്തുവിട്ടു.**
- **ഇന്ത്യയിലെ ആദ്യ സൂപ്പർ കപ്പാസിറ്റർ ഉൽപാദന കേന്ദ്രം രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂർ മാങ്ങാട്ടുപറമ്പിലെ കെൽട്രോണിൽ ഉദ്ഘാടനം ചെയ്യും.**
- **ഇന്ന് അന്താരാഷ്ട്ര വയോജന ദിനം.**
- **I.S.L ഫുട്ബോളിൽ വൈകിട്ട് ഹൈദരാബാദ് FC, ചെന്നൈയിൻ FC യെ നേരിടും.**

## വാർത്തകൾ വിശദമായി

ജമ്മു കശ്മീർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ മൂന്നാമത്തെയും അവസാനത്തെയും ഘട്ടത്തിൽ വോട്ടെടുപ്പ് അൽപ്പസമയത്തിനകം തുടങ്ങും. ഏഴ് ജില്ലകളിലെ 40 നിയമസഭാ മണ്ഡലങ്ങളിലാണ് ഇന്ന് വോട്ടെടുപ്പ്. പോളിംഗ് വൈകീട്ട് 6 മണിക്ക് അവസാനിക്കും.

39 ലക്ഷത്തിലധികം വോട്ടർമാരാണ് ഇന്ന് വോട്ട് രേഖപ്പെടുത്തുക. 415 സ്ഥാനാർത്ഥികളാണ് ഈ ഘട്ടത്തിൽ ജനവിധി തേടുന്നത്..

എല്ലാ ഘട്ടങ്ങളിലെയും വോട്ടെണ്ണൽ ഈ മാസം എട്ടിനാണ്.

✪✪✪

ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി തുടരുകയാണ്. 90 നിയമസഭാ മണ്ഡലങ്ങളിലേക്ക് ഈ മാസം 5 നാണ് വോട്ടെടുപ്പ്. എട്ടിന് വോട്ടെണ്ണും.

✪✪✪

തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ പ്രളയനാശവും മലയിടിച്ചിലുമുണ്ടായ മൂന്ന് സംസ്ഥാനങ്ങൾക്ക് കേന്ദ്രഗവൺമന്റ് 675 കോടി രൂപ ദേശീയ ദുരന്ത നിവാരണ നിധിയിൽ നിന്ന് മുൻകൂറായി അനുവദിച്ചു. ഗുജറാത്തിന് 600 കോടി രൂപയും മണിപ്പൂരിന് 50 കോടി രൂപയും ത്രിപുരക്ക് 25 കോടി രൂപയുമാണ് നൽകുന്നത്.

കേരളം ഉൾപ്പെടെ ഒമ്പത് സംസ്ഥാനങ്ങളിൽ വെള്ളപ്പൊക്കവും ഉരുൾപ്പൊട്ടലുമടക്കം കാലവർഷ ദുരന്തം ഉണ്ടായതായും ആഭ്യരമന്ത്രാലയം അറിയിച്ചു. നാശനഷ്ടം വിലയിരുത്താൻ ഈ സംസ്ഥാനങ്ങളിലേക്ക് അന്തർമന്ത്രാലയ കേന്ദ്ര സംഘങ്ങളെ നിയോഗിച്ചിരുന്നുവെന്നും ഇവരുടെ റിപ്പോർട്ട് ലഭിച്ച ശേഷം ശേഷിക്കുന്ന സംസ്ഥാനങ്ങൾക്ക് ധനസഹായം പ്രഖ്യാപിക്കുമെന്നും ധനമന്ത്രാലയം വ്യക്തമാക്കി.

✪✪✪

നാല് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ജമൈക്കൻ പ്രധാനമന്ത്രി ഡോ ആൻഡ്രൂ ഹോൾനസുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഡൽഹിയിൽ പ്രതിനിധിതല ചർച്ച നടത്തും. ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിന് ഇരു രാജ്യങ്ങളും ഏതാനും ധാരണാപത്രങ്ങളും കരാറുകളും ഒപ്പുവെക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഡോ. ഹോൾനെസിന്റെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. സന്ദർശനത്തിനിടെ രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നിവരെയും അദ്ദേഹം കാണും.

നാളെ അദ്ദേഹം വാരാണസിയും സന്ദർശിക്കുന്നുണ്ട്.

✪✪✪

അതീവ ഗുരുതരാവസ്ഥയിൽ കഴിയുന്ന രോഗികളുടെ ജീവൻ രക്ഷാ സംവിധാനങ്ങൾ ഒഴിവാക്കുന്നതിന്റെ കരട് മാർഗ്ഗനിർദേശങ്ങൾ കേന്ദ്ര ആരോഗ്യമന്ത്രാലയം പുറത്തുവിട്ടു. ജീവിതത്തിലേക്ക് തിരിച്ച് കൊണ്ടുവരാൻ കഴിയാത്തതും ചികിത്സിച്ച് ഭേദമാക്കാൻ പറ്റാത്തതുമായ മരണം അനിവാര്യമായ സ്ഥിതിയെന്നാണ് അതീവ ഗുരുതരാവസ്ഥക്ക് നൽകിയിരിക്കുന്ന നിർവചനം. 72 മണിക്കൂറിന് ശേഷവും പുരോഗതി

കാണിക്കാത്ത തലച്ചോറിന്റെ ഗുരുതര പരിക്കിനെ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മസ്തിഷ്ക മരണം, ചികിത്സയോട് ഒരു തരത്തിലും പ്രതികരിക്കാത്ത സാഹചര്യം, ചികിത്സ തുടരേണ്ടതില്ലെന്ന രോഗിയുടേയോ കുടുംബത്തിന്റേയോ രേഖാപരമായ നിർദ്ദേശം എന്നിവയടക്കം കാര്യങ്ങൾ പരിഗണിച്ച് ജീവൻ രക്ഷാ സംവിധാനം ഒഴിവാക്കുന്നതിൽ ഡോക്ടർമാർക്ക് തീരുമാനം എടുക്കാം.

പൊതുജനങ്ങളിൽ നിന്ന് ഇതുമായി ബന്ധപ്പെട്ട പ്രതികരണങ്ങൾ മന്ത്രാലയം ക്ഷണിച്ചിട്ടുണ്ട്. തീവ്ര പരിചരണ സംവിധാനങ്ങളിൽ അതീവ ഗുരുതരാവസ്ഥയിൽ കഴിയുന്ന പല രോഗികൾക്കും ജീവൻരക്ഷാ സംവിധാനം ഉപയോഗിച്ച് ജീവൻ നിലനിർത്തുന്നതിലൂടെ ഒരു ഗുണവും ലഭിക്കാറില്ലെന്ന് മാർഗനിർദ്ദേശത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് രോഗിക്കും ബന്ധുക്കൾക്കും അനാവശ്യബുദ്ധിമുട്ടുകളും സാമ്പത്തിക ബാധ്യതകളും വരുത്തിവെക്കുന്നതായും മന്ത്രാലയം വിലയിരുത്തി. ഈ ഒരു കാഴ്ചപ്പാട് പല രാജ്യങ്ങളും ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്നും അറിയിപ്പിൽ പറയുന്നു.

✪✪✪

ഇന്ത്യൻ വ്യോമസേനാ മേധാവിയായി എയർ മാർഷൽ അമർ പ്രീത് സിംഗ് ചുമതലയേറ്റു. 2023 ഫെബ്രുവരി മുതൽ അദ്ദേഹം വ്യോമസേനാ ഉപമേധാവിയായി സേവനമനുഷ്ടിക്കുകയായിരുന്നു. സ്ഥാനമൊഴിഞ്ഞ എയർ ചീഫ് മാർഷൽ VR ചൗധരിയുടെ പിൻഗാമിയായാണ് എയർ മാർഷൽ അമർ പ്രീത് സിംഗ് ചുമതലയേറ്റത്.

✪✪✪

ഇന്ത്യയിലെ ആദ്യ സൂപ്പർ കപ്പാസിറ്റർ ഉൽപാദന കേന്ദ്രം രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂർ മാങ്ങാട്ടുപറമ്പിലെ കെൽട്രോണിൽ ഉദ്ഘാടനം ചെയ്യും. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സാമ്പത്തിക സഹായത്തോടെ കേന്ദ്രം സജ്ജമാക്കിയത്.

ആകാശവാണി പ്രതിനിധി K.O .ശശിധരന് തയ്യാറാക്കിയ റിപ്പോർട്ട്

....വോയ്സ്.....

✪✪✪

ഇന്ന് അന്താരാഷ്ട്ര വയോജന ദിനം. "അന്തസ്സോടെ വാർദ്ധക്യം: പ്രായമായവർക്ക് പരിചരണവും പിന്തുണ സംവിധാനങ്ങളും ശക്തിപ്പെടുത്തുന്നതിന്റെ പ്രാധാന്യം" എന്നതാണ് ഈ വർഷത്തെ പ്രമേയം.

വയോജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനും അവരുടെ മൂല്യം തിരിച്ചറിയുന്നതിനുമായാണ് 1991 മുതൽ ഒക്ടോബർ 1 വയോജന ദിനമായി ആചരിക്കുന്നത്.

വയോജന ദിനാചരണത്തിന്റെ ഭാഗമായി ഗവൺമെന്റ് - പൊതുമേഖലാ സ്ഥാപനങ്ങളിൽ വയോജന ദിന പ്രതിജ്ഞ എടുക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

വയോജന ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും വയോസേവന അവാർഡ് ദാനവും മലപ്പുറം തിരൂരിൽ മന്ത്രി ഡോ. R. ബിന്ദു ഉദ്ഘാടനം ചെയ്യും. മന്ത്രി V. അബ്ദുറഹിമാൻ അധ്യക്ഷനാകും.

വയാജന മേഖലയിൽ ശ്ലാഘനീയ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന വ്യക്തികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഗവണ്മെന്റ് - ഗവൺമെന്റിതര സ്ഥാപനങ്ങൾ എന്നിവയ്ക്ക് സാമൂഹികനീതി വകുപ്പ് ഏർപ്പെടുത്തിയതാണ് വയോസേവന അവാർഡ്.

✪✪✪

സംസ്ഥാനത്ത് മസ്തിഷ്ക ജ്വരം സംശയിക്കുന്നവരിൽ അമീബിക് മസ്തിഷ്കജ്വരനിർണയ പരിശോധനയും നടത്തണമെന്ന് മന്ത്രി വീണാ ജോർജ്ജ് നിർദേശം നൽകി. സംസ്ഥനത്ത് പലയിടത്തും അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട് ചെയ്യുന്ന സാഹചര്യത്തിലാണ് നിർദേശം. രോഗം തുടക്കത്തിൽ തന്നെ സ്ഥിരീകരിച്ചാൽ ഫലപ്രദമായ ചികിത്സയിലൂടെ ജീവൻ രക്ഷിക്കാനാകും. രോഗ ചികിത്സയ്ക്ക് ആവശ്യമായ മിൽറ്റി ഫോസിൻ അടക്കം മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാനും തിരുവനന്തപുരത്ത് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന RRT യോഗത്തിൽ മന്ത്രി നിർദേശിച്ചു.

✪✪✪

കുടുംബശ്രീയുടെ മാതൃകയിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ ശാക്തീകരണവും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ട് ഭിന്നശേഷി സ്വയംസഹായ സംഘങ്ങളുടെ ശൃംഖല രൂപീകരിക്കുമെന്ന് മന്ത്രി ഡോ. R ബിന്ദു അറിയിച്ചു.

കോഴിക്കോട്ട് ഭിന്നശേഷിക്ഷേമ കോർപ്പറേഷന്റെ സഹായ ഉപകരണങ്ങളുടെ വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

CPIM സംസ്ഥാന സെക്രട്ടറിയും പൊളിറ്റ്ബ്യൂറോ അംഗവുമായിരുന്ന കോടിയേരി ബാലകൃഷ്ണന്റെ രണ്ടാം ചരമവാർഷികം കണ്ണൂരിൽ ഇന്ന്

ആചരിക്കും. പയ്യാമ്പലം സ്മൃതി മണ്ഡപത്തിലെ പുഷ്പാർച്ചനയിൽ പൊളിറ്റ്ബ്യൂറോ അംഗം ബൃന്ദ കാരാട്ട്, സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ തുടങ്ങിയവർ പങ്കെടുക്കും. കോടിയേരി മുളിയിൽനടയിലെ വീട്ടിൽ അദ്ദേഹത്തിന്റെ വെങ്കല പ്രതിമ മുഖ്യമന്ത്രി പിണറായി വിജയൻ അനാച്ഛാദനംചെയ്യും.

✪✪✪

കാൺപൂരിൽ ഇന്ത്യക്ക് എതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിന്റെ അഞ്ചാം ദിനമായ ഇന്ന് ബംഗ്ലാദേശ് രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് പുനഃരാരംഭിക്കും. രണ്ട് വിക്കറ്റ് നഷ്ടത്തിൽ 26 റൺസ് എന്ന നിലയിലാണ് അവർ  ഇന്നലെ കളി നിർത്തിയത്.

നാലാം ദിമായ ഇന്നലെ ഒൻപത് വിക്കറ്റിന് 285 റൺസ് എന്ന നിലയിൽ ഇന്ത്യ ഒന്നാം ഇന്നിംഗ്സ് ഡിക്ലയർ ചെയ്യുകയായിരുന്നു. ഒന്നാം ഇന്നിംഗ്സിൽ ബംഗ്ലാദേശിന് 233 റൺസ് എടുത്തിരുന്നു.

✪✪✪

I.S.L ഫുട്ബോളിൽ ഇന്ന്  ഹൈദരാബാദ് FC, ചെന്നൈയിൻ  FC യെ നേരിടും. വൈകിട്ട് 7.30 നു ഹൈദരാബാദിലാണ് മത്സരം.

വ്യാഴാഴ്ച ഭൂവനേശ്വറിൽ കേരള ബ്ലാസ്റ്റേഴ്സ്, ഒഡീഷ F C യെ നേരിടും.

✪✪✪

കോഴിക്കോട് ഫറോക്കിലെ പുതിയ പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് വൈകിട്ട്  മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

ഫറോക്കിലെ പഴയ റെസ്റ്റ് ഹൗസ് കെട്ടിടം പൊളിച്ചുമാറ്റി അഞ്ച് കോടി 84ലക്ഷ രൂപ ചെലവിലാണ് പുതിയ കെട്ടിടം നിർമ്മിച്ചത്. ചടങ്ങിൽ  മന്ത്രി PA മുഹമ്മദ് റിയാസ് അധ്യക്ഷത വഹിക്കും.

കോഴിക്കോട് CPIM ജില്ലാ കമ്മിറ്റി ഓഫീസിനോട് ചേർന്ന് നിർമ്മിച്ച AKG ഓഡിറ്റോറിയവും മുഖ്യമന്ത്രി വൈകിട്ട് ഉദ്ഘാടനം ചെയ്യും.

✪✪✪

പ്രമുഖ റഷ്യൻ ഭാഷാ പണ്ഡിതയും താരതമ്യ ചലച്ചിത്ര പഠനത്തിന് റഷ്യൻ ഭാഷയിൽ കേരള സർവ്വകലാശാലയിലെ ആദ്യ PHD ബിരുദധാരിയുമായിരുന്ന ഡോ. സുധാ വാരിയർ തിരുവനന്തപുരത്ത് പുലർച്ചെ നിര്യാതയായി. 85 വയസ്സായിരുന്നു.

സ്വന്തം ഗവേഷണ പ്രബന്ധത്തെ അടിസ്ഥാനമാക്കി അവർ രചിച്ച "അനുകൽപനത്തിന്റെ ആട്ടപ്രകാരം" എന്ന കൃതിക്ക് ചലച്ചിത്ര സംബന്ധിയായ

മികച്ച കൃതിക്ക് 2001ൽ  സംസ്ഥാന അവാർഡ് ലഭിച്ചിരുന്നു. നോവലും ചെറുകഥകളും വിവർത്തനങ്ങളും ഉൾപ്പെടെ 15ലേറെ കൃതികൾ ഡോ. സുധാ വാരിയർ എഴുതിയിട്ടുണ്ട്.

✪✪✪

56 വർഷം മുൻപ് ഹിമാലയത്തിലെ വിമാനാപകടത്തിൽ കാണാതായ മലയാളി ജവാന്റെ ശരീരഭാഗങ്ങൾ മഞ്ഞു മലയിൽ നിന്ന് കണ്ടെടുത്തു. പത്തനംതിട്ട ഇലന്തൂർ ഭഗവതികുന്ന് ഒടാലിൽ വീട്ടിൽ തോമസ് ചെറിയാന്റെ അവശിഷ്ടങ്ങളാണ് കണ്ടെടുത്തത്.  ഇതോടൊപ്പം മറ്റ് രണ്ട് സൈനികരുടെ മൃതദേഹാവശിഷ്ടങ്ങളും കണ്ടെത്തി.

1968 ഫെബ്രുവരി ഏഴിന് 103 പേരുമായി പോയ സൈനിക വിമാനം ഹിമാചൽ പ്രദേശിലെ റോത്താങ് ചുരത്തിന് മുകളിൽ തകർന്ന് വീഴുകയായിരുന്നു. അന്ന് തോമസ് ചെറിയാന് 22 വയസായിരുന്നു.

മൃതദേഹത്തിൽ നിന്ന് ലഭിച്ച രേഖകളുടെ അടിസ്ഥാനത്തിലാണ് ഇവരെ തിരിച്ചറിഞ്ഞതെന്ന് സൈനിക കേന്ദ്രങ്ങളഅ അറിയിച്ചു. സംസ്കാരം ഉൾപ്പെടെ  കാര്യങ്ങൾ പിന്നീട് തീരുമാനിക്കുമെന്ന് തോമസ് ചെറിയാന്റെ ബന്ധുക്കൾ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് വ്യാഴാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

കനത്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് 3  ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.  പത്തനംതിട്ട, ഇടുക്കി, എറണാകുളം ജില്ലകളിലാണ് മുന്നറിയിപ്പ്.

✪✪✪

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മുന്നറിയിപ്പ് സൈറണുകളുടെ പ്രവർത്തന പരീക്ഷണം ഇന്ന് വിവിധ കേന്ദ്രങ്ങളിൽ നടത്തും. അതോറിറ്റിയുടെ കീഴിലെ കവചം മുന്നറിയിപ്പ് സംവിധാനമാണ് സംസ്ഥാന വ്യാപകമായി  പരീക്ഷിക്കുന്നത്. സൈറൺ മുഴങ്ങുമ്പോൾ ജനങ്ങൾ പരിഭ്രാന്തരാകരുതെന്ന് അതോറിറ്റി അഭ്യർത്ഥിച്ചു.

✪✪✪